പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3689    24/06/2014-ൽ മറുപടിക്ക്

# ശബരിഗിരി പദ്ധതിയുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് വൈദ്യുതി നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. ബേബി<br>,, കെ. വി. അബ്ദുൾ ഖാദർ<br>,, എ. പ്രദീപ്കുമാർ<br>,, കെ. കെ. ജയചന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത് സംബന്ധിച്ച് എന്നാണ് തീരുമാനമെടുത്തത്; | (എ) 29/04/2014-ൽ ചേർന്ന കെ.എസ്.ഇ.ബി ഫുൾടൈം ഡയറക്ടർമാരുടെ യോഗത്തിൽ തീരുമാനമെടുത്തു. |
| (ബി) മുൻകൂട്ടി തീരുമാനമെടുത്ത അറ്റകുറ്റപ്പണിയുടെ ഭാഗമായി വൈദ്യുതി ലഭ്യതയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ച കുറവ് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചത്; | (ബി) ശബരിഗിരി നിലയം അറ്റകുറ്റപ്പണികൾക്കായി അടച്ചിടുമ്പോൾ ഉൽപ്പാദനത്തിൽ ഉണ്ടാകുന്ന കുറവ് നികത്തുന്നതിനായി ട്രേഡേഴ്സ് മുഖേനയും പവർ എക്സ്ചേഞ്ച് വഴിയും വൈദ്യുതി വാങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. കൂടാതെ കായംകുളം താപനിലയത്തിൽ നിന്നുള്ള വൈദ്യുതിയും എടുക്കുന്നുണ്ട്. |
| (സി) മുൻകൂട്ടി ആസൂത്രണം ചെയ്ത പരിഹാര നടപടികൾ ഉണ്ടായിട്ടും ശബരിഗിരി പദ്ധതിയുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്ന സാഹചര്യം വിശദമാക്കുമോ? | (സി) പ്രസരണ കോറിഡോറിന്റെ ലഭ്യത കുറവ് മൂലം കേരളം പുറമേ നിന്നും വാങ്ങിയിരുന്ന വൈദ്യുതിയിൽ ഗണ്യമായ കുറവ് വന്നു. കൂടാതെ കേന്ദ്ര വൈദ്യുതോല്പാദന നിലയങ്ങളിലെ ജനറേറ്ററുകളുടെ തകരാറുമൂലം കേന്ദ്ര വിഹിതത്തിലും കുറവുണ്ടായി. ഇതിനു പുറമേ കാലവർഷം പ്രതീക്ഷിച്ച പോലെ ശക്തിപ്രാപിക്കാത്തതിനാൽ അണക്കെട്ടുകളിലേയ്ക്കുള്ള നീരൊഴുക്കിലും ഗണ്യമായ കുറവ് അനുഭവപ്പെട്ടു. വൈദ്യുതി ഉപഭോഗത്തിലും ഗണ്യമായ വർദ്ധനവ് അനുഭവപ്പെടുന്നുണ്ട്. മേൽ കാരണങ്ങളാലാണ് വൈകുന്നേരങ്ങളിലെ പീക്ക് സമയത്ത് നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നത്. |

സെക്ഷൻ ഓഫീസർ